**കേരള സർക്കാർ**
**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

# സർക്കുലർ

**നമ്പർ : 53/2017/ധന** **തിരുവനന്തപുരം, തീയതി : 06.07.2017**

വിഷയം: നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2016-17 – പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന:
1. സ.ഉ. (പി) നമ്പർ 332/2012/ധന. തീയതി 11.06.2012
2. സർക്കുലർ നം. 39/2017/ധന തീയതി 25.05.2017
3. സ.ഉ.(അച്ചടി) നം. 86/2017/ധന. തീയതി 04.07.2017

സൂചന (1) ലെ ഉത്തരവ് പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (2) ലെ സർക്കുലർ പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി 30.06.2017 ആയി ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ നിരവധി പ്രവൃത്തികളുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും ഇനിയും ലഭ്യമായിട്ടില്ലാത്തതിനാൽ മുഴുവൻ പ്രവൃത്തികൾക്കും പ്രസ്തുത സമയപരിധിയ്ക്കുള്ളിൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ, നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള അവസാന തീയതി 30.09.2017 ആയി ദീർഘിപ്പിച്ച് നൽകുന്നു.

സൂചന (3) ലെ ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ ബഹു. എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും അവ നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കളക്ടറേറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, 2016-17 സാമ്പത്തിക വർഷത്തിൽ ബഹു. എം.എൽ.എ.മാർ ശുപാർശ ചെയ്ത പ്രവൃത്തികൾക്കെല്ലാം 30.09.2017 ന് മുമ്പായി ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. കൂടാതെ, 2017-18 സാമ്പത്തിക വർഷത്തിൽ

നടപ്പിലാക്കുന്നതിനായി ബഹു. എം.എൽ.എ.മാർ സമർപ്പിച്ചതും ധനവകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതുമായ ശുപാർശകൾ (എസ്റ്റിമേറ്റ് സഹിതം) ബന്ധപ്പെട്ട കളക്ടർമാർക്ക് നൽകുന്നതിനായി എം.എൽ.എ.മാർക്ക് മടക്കി നൽകേണ്ടതുമാണ്. ഇതിനോടകം ധനവകുപ്പിലേക്ക് അയച്ചിട്ടുള്ളതും അനുമതി ലഭിച്ചതുമായ 2017-18 ലെ ശുപാർശകൾക്ക് ഭരണാനുമതി നൽകാവുന്നതും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്. ഉഷ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

എല്ലാ എം.എൽ.എ. മാർക്കും
ബഹു.സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Slathee

**സെക്ഷൻ ഓഫീസർ**